തൊഴിലാളി സ്ത്രീകൾ പകൽസമയം ജോലിക്കുപോകുമ്പോൾ അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു് വല്ല പദ്ധതിയും ഏർപ്പെടുത്തുന്നതിനു് ഗവൺമെന്റിനു് ആലോചനയുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ നാരായണപിള്ള)

അൻപതോ അതിൽ കൂടുതലോ സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന വ്യവസായശാലകളിൽ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനു് ക്രഷെകൾ സ്ഥാപിക്കണമെന്നു ഫാക്ടറി ആക്ടിൽ വ്യവസ്ഥയുണ്ടു്. കശുവണ്ടി ഫാക്ടറികൾ, കടലാസു നിർമ്മാണശാലകൾ, തുണിനെയ്ത്തുശാലകൾ, തീപ്പെട്ടി വ്യവസായശാലകൾ എന്നിവടങ്ങളിൽ ഈ നിയമം ഇപ്പോൾ ഊർജ്ജിതത്തിൽ വരുത്തിയിട്ടുണ്ടു്. കയർവ്യവസായശാലകളിലും ഈ നിയമം ഉർജ്ജിതത്തിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടു്. ഇതുകൂടാതെ പല പ്ലാന്റേഷൻ എസ്റ്റേറ്റുകളിലും ശിശുക്കളുടെ പരിചരണത്തിനു് ക്രഷേകൾ ഉണ്ടു്. ഈ സംസ്ഥാനത്തിൽ മിക്കവാറും എല്ലാ കശുവണ്ടി വ്യവസായശാലകളിലും മറ്റു തൊണ്ടു് വ്യവസായസ്ഥാപനങ്ങളിലും ശിശുപരിചരണസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. ഏ. சிதம்பரநாத நாடார்: கவர்ன்மென்ட் ஆபீஸ்களில் வேலை பார்க்கக்கூடிய பெண்மணிகளின் குழந்தைகளை சம்ரட்ஷிணை செய்ய யாராவது உண்டா?

ശ്രീ. ടി. കെ. நாராயண பிள்ளை: அக்குழந்தைகளுக்கு தந்தைகள் இருக்கிறார்கள்.

ശ്രീമതി ദേവകി ഗോപിദാസു്: ഈ പദ്ധതി ഇപ്പോൾ ഊർജ്ജിതമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ നാരായണപിള്ള: ഉണ്ടു്.

ശ്രീ. ഗാസ്പർ ഡിസിൽവാ: ചില സ്ഥലങ്ങളിൽ ശിശുപരിചരണശാലകൾ ഇരുപ്പുണ്ടറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ശിശുപരിചരണശാലകൾ സ്ഥാപിക്കണമെന്നുള്ള വ്യവസ്ഥ നടപ്പിൽ വരുത്താത്ത തൊഴുകളുടെമേൽ എന്തു നടപടി നടത്താനാണു് ഗവൺമെന്റു് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലായിടത്തും നടപ്പിൽ വരുത്തുന്നതിനു് വേണ്ട നടപടികൾ ഗവൺമെന്റു് എടുത്തുകൊണ്ടിരിക്കയാണു്.

പ്രൈവറ്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

*ക ക്യു. (ന) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈവറ്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളപരിഷ്കാരം എല്ലാ പ്രൈവറ്റസ്കൂൾ മാനേജരന്മാരും ഐകകണ്ഠ്യേന അംഗീകരിച്ചതല്ലേ?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ.ടി.കെ. നാരായണപിള്ള): പ്രൈവറ്റ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം ആവശ്യമാണെന്നു സ്കൂൾ മാനേജരന്മാരുടെ പ്രതിനിധികൾ ഉൾപ്പെട്ടിരുന്ന ഒരു സമ്മേളനം അംഗീകരിച്ചതാണു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകി ഗോപിദാസ്: അങ്ങനെ മാനേജരന്മാർക്കുടി അംഗീകരിച്ചിട്ടുള്ള ഒരു കാര്യത്തിൽനിന്നും പിന്നീട് അവർ പിന്മാറിക്കളയുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. ടി.കെ. നാരായണപിള്ള: ശമ്പളപരിഷ്കാരകാര്യത്തിൽനിന്നും അവർ പിന്മാറിയിട്ടില്ല.

ഉദ്യോഗസ്ഥന്മാരുടെ എണ്ണം

*ശ്രീ. സി. എച്ച്. മുഹമ്മദ് കോയ (ഒ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ 80 രൂപായിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്രയെന്നു പ്രസ്താവിക്കുമോ;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉവ്വ്.

(ബി) പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഭരണഘടനാ നടപ്പിൽ വന്നതിനുശേഷവും ജാതിതിരിച്ചുള്ള പട്ടികകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ ഗവൺമെൻറ് പരിഗണിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വാസ്തവത്തിൽ അത്തരം ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ പാടില്ലാത്തതാണ്. പക്ഷേ നിയമസഭയിൽ ചോദ്യത്തിനു ഉത്തരം പറഞ്ഞില്ലെന്നു പരാതി ഉണ്ടായെങ്കിലോ എന്നു ഭയന്നു പറയുകയാണ്.

ശ്രീ. എ. താണുപിള്ള: ഭരണഘടനയനുസരിച്ചുള്ള വ്യവസ്ഥകൾ പബ്ലിക്ക് സർവ്വീസിൽ പരിപൂർണ്ണമായി എപ്പോൾ നടപ്പിൽ വരുത്തുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നതു്. അതുസംബന്ധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു പബ്ലിക്കുസർവ്വീസ് കമ്മീഷനോടു ആവശ്യപ്പെട്ടിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടു ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഭരണഘടന നടപ്പിൽ വന്നിട്ട് ഒരു കൊല്ലം കഴിഞ്ഞതിനുശേഷവും ഇതിനെ സംബന്ധിച്ചു് അവസാനതീരുമാനങ്ങൾ എടുക്കാതെ ഉദാസീനത കാണിക്കുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷനെ മാറ്റുന്നതിനു് ഗവൺമെൻറിനു വല്ല ആലോചനയുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷനെ മാറ്റണമെങ്കിൽ അതു ഈ നിയമസഭതന്നെ ചെയ്യണ്ടതാണ്. ഗവൺമെണ്ടിനു അതു മാറ്റാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ജാതി തിരിച്ചുള്ള നിയമനങ്ങൾ നടക്കുന്നതുകൊണ്ടല്ലേ ജാതി തിരിച്ചുള്ള പട്ടികകൾ ചോദിക്കാൻ ഇടയാകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരിക്കാം.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ പബ്ലിക്ക് സർവ്വീസ് കമ്മീഷനെ നിയമിച്ചിട്ടുള്ളതും ജാതിതിരിച്ചുള്ള പ്രാതിനിദ്ധ്യം നോക്കിയാണോ?

LIBRARY ARCHIVES Kerala Legislative Assembly